ജിയോ സേവനങ്ങൾ മുടങ്ങി

തിരുവനന്തപുരം

സംസ്ഥാനത്ത് ജിയോ മൊബൈൽ ഫോൺ സേവനങ്ങൾ ചൊവ്വാഴ്ച മണിക്കൂറുകളോളം തടസ്സപ്പെട്ടു. ഫോൺ കോളും ഇന്റർനെറ്റ് സംവിധാനവും ജിയോ ഫൈബർ കണക്ഷനും തകരാറിലായത് ഉപയോക്താക്കളെ വലച്ചു. തിങ്കൾ പകൽ 1.30ഓടെയാണ് സേവനങ്ങൾ തടസ്സപ്പെട്ടത്. തുടർന്ന് സമൂഹമാധ്യമങ്ങളിലൂടെ പരാതി അറിയിച്ചു. എന്നാൽ, ജിയോ അധികൃതരുടെ ഭാഗത്തുനിന്ന് വിശദീകരണങ്ങളൊന്നും ഉണ്ടായില്ല. പകൽ മൂന്നിനുശേഷം സേവനങ്ങൾ പുനഃസ്ഥാപിച്ചു.

സോണിയ ഗാന്ധി ആശുപത്രിയിൽ

ന്യൂഡൽഹി

കോൺഗ്രസ് പാർലമെന്ററിപാർടി ചെയർപേഴ്സണായ സോണിയ ഗാന്ധിയെ ഉദരസംബന്ധമായ അസ്വസ്ഥതകളെ തുടർന്ന് ഞായർ രാത്രി ഗംഗാറാം ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആരോഗ്യസ്ഥിതിയിൽ പ്രശ്നമില്ലെന്നും നിരീക്ഷണത്തിൽ തുടരുകയാണെന്നും ആശുപത്രി അധികൃതർ അറിയിച്ചു. ഈ മാസം ആദ്യം ഷിംലയിൽ വെച്ച് ശാരീരികാസ്വാസ്യം അനുഭവപ്പെട്ടതിനെ തുടർന്ന് സോണിയയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു.

■ പട്ടികവിഭാഗ വകുപ്പുകളുടെ പദ്ധതിച്ചെലവ്

വെട്ടിച്ചുരുക്കിയിട്ടില്ല; ചെലവിട്ടത് 10248.65 കോടി

സ്വന്തം ലേഖകൻ

തിരുവനന്തപുരം

പട്ടികവിഭാഗ വികസനവകുപ്പുകളുടെ പദ്ധതികൾക്കായി ബജറ്റിൽ അനുവദിച്ച തുക വെട്ടിച്ചുരുക്കിയെന്ന പ്രതിപക്ഷ നേതാവിന്റെ ആക്ഷേപത്തെ പൂർണമായും തള്ളി മന്ത്രി ഒ ആർ കേളു. വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, തൊഴിൽ, അടിസ്ഥാന സൗകര്യവികസനം എന്നിവയ്ക്ക് മുൻഗണന നൽകി പട്ടികവിഭാഗം ജനങ്ങളുടെ ജീവിതത്തിൽ ഗുണപരമായ മാറ്റംവരുത്തുകയാണ് സർക്കാർ ചെയ്തത്.

പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ ബജറ്റിൽ വകയിരുത്തിയ 223 കോടിയും അധികമായി അനുവദിച്ച 172 കോടി രൂപയും വിനിയോഗിച്ചു. പിന്നാക്കവിഭാഗ വിദ്യാർഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്ക് ബജറ്റിൽ 273 കോടിയാണ് വകയിരുത്തിയത്. എന്നാൽ 573 കോടി വിതരണം ചെയ്തു. 2021 മുതൽ 2025 വരെ 11646.20 കോടി പദ്ധതി വിഹിതം അനുവദിച്ചപ്പോൾ 10248.65 കോടി ചെലവിട്ടു. ഭവനനിർമാണത്തിനായി 33058 പട്ടികജാതിക്കാർക്ക് 1653 ഏക്കർ ഭൂമിയാണ് നൽകിയത്.

അംബേദ്കർ ഗ്രാമവികസന ത്തിലൂടെ ഓരോ ഉന്നതികളുടെയും മുഖമാകെ മാറുകയാണ്. 1062 ഉന്നതികളിൽ ഒരുകോടി വിതരണചെലവിഴുന്നു. അടിസ്ഥാനസൗകര്യ വികസനത്തിനായി 1037.89 കോടി കോർപ്പസ് ഫണ്ട് ഇനത്തിലും നൽകി. പാലക്കാട് മെഡിക്കൽ കോളേജിൽ യുഡിഎഫ് സർക്കാർ 56.54 കോടി വിനിയോഗിച്ചപ്പോൾ എൽഡിഎഫ് സർക്കാർ 733.22 കോടിയാണ് ചെലവഴിച്ചത്.

ലൈഫിൽ 1,14,610 പട്ടികജാതിക്കാർക്ക് 1561.23 കോടി രൂപയും 43,629 പട്ടികവർഗക്കാർക്ക് 802 കോടിയും നൽകി. 62,921 വീട് അനുവദിച്ചതിൽ 54,342 എണ്ണം പൂർത്തിയായി. സേഫ് പദ്ധതിയിലൂടെ 32680 വീട് സുരക്ഷിതമാക്കി. രണ്ടുലക്ഷം വീതം 40,236 പഠനമുറികൾക്ക് ധനസഹായം അനുവദിച്ചു. 364 സാമൂഹ്യപഠനമുറിയും പൂർത്തിയാക്കി. ഇന്നതി സ്കോളർഷിപ്പ് വഴി 842 വിദ്യാർഥികളാണ് വിദേശ സർവകലാശാലകളിൽ പഠിക്കുന്നത്. 8919 പട്ടികവർഗ കുടുംബങ്ങൾക്ക് 8573.54 ഏക്കർ ഭൂമി വിതരണം ചെയ്തു. എല്ലാ പട്ടികവർഗ കുടുംബങ്ങൾക്കും ഭൂമിയുള്ള രാജ്യത്തെ ആദ്യ ജില്ലയാണ് തിരുവനന്തപുരം. ഇതൊക്കെ കാണാതെയാണ് പ്രതിപക്ഷ നേതാവ് തെറ്റായ പ്രസ്താവന നടത്തി പുകമറ സൃഷ്ടിക്കുന്നതെന്നും മന്ത്രി പ്രസ്താവനയിൽ പറഞ്ഞു.

■ സാങ്കേതികത്തകരാറ്

ബ്രിട്ടീഷ് നേവിയുടെ യുദ്ധവിമാനം മടങ്ങിയില്ല

> പരിശീലന പറക്കലിനിടെ ഇന്ധനം തീർന്നതിനെത്തുടർന്നാണ് തിരുവനന്തപുരം വിമാനത്താവളത്തിൽ ഇറക്കിയത്

തിരുവനന്തപുരം

അറബിക്കടലിൽ പരിശീലന പറക്കലിനിടെ തിരുവനന്തപുരം വിമാനത്താവളത്തിൽ അടിയന്തരമായി ഇറക്കിയ ബ്രിട്ടീഷ് നേവിയുടെ യുദ്ധവിമാനം തിങ്കളാഴ്ച യും തിരികെപ്പോയില്ല. അമേരിക്കൻ നിർമിത എഫ്35 ബി യുദ്ധവിമാനത്തിൽ സാങ്കേതിക തകരാർ ഉണ്ടായതായാണ് വിവരം. ഇത് പരിഹരിക്കാൻ മൂന്ന് എൻജിനിയർമാരും ഒരു പൈലറ്റും ഹെലികോപ്റ്ററിൽ എത്തിയിരുന്നു. യ്യോമസേനാ എൻജിനിയർമാരുടെ സഹായത്തോടെ അറ്റകുറ്റപ്പണികൾ നടത്തിയെങ്കിലും പരിഹരിക്കാനായില്ല. ചൊവ്വാഴ്ചയോടെ യുദ്ധവിമാനം കടലിൽ നുറു നൊട്ടിക്കൽക്കൊൾ അകലെ നങ്കുമൂട്ട എച്ചഎംഎസ് പ്രിൻസ് ഷേ വെയിൽസ് എന്ന വിമാനവാഹിനി കപ്പലിലേക്ക് മടങ്ങുമെന്നാണ് വിവരം. ഈ കപ്പലിൽനിന്നുള്ള സംഘമാണ് ഞായറാഴ്ച തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയത്. എഫ് 35 യുദ്ധവിമാനം പറത്തിയ പൈലറ്റിനെ ഹെലികോപ്റ്ററിൽ മടക്കിക്കൊണ്ടുപോയിരുന്നു.

അറബിക്കടലിൽ ഇന്ത്യൻ നാവികസേനയും ബ്രിട്ടീഷ് നാവികസേനയും ഒരുമിച്ച് പാസെക്സ് എന്നപേരിൽ സൈനികാഭ്യാസം നടത്തിയിരുന്നു. ഇതിന്റെ ഭാഗമായെത്തിയ പടക്കപ്പലിൽനിന്നാണ് വിമാനം പരിശീലന പറക്കലിനായി പറന്നുയർന്നത്. വിമാനത്തിന് പ്രതികൂല കാലാവസ്ഥ കാരണം തിരികെ കപ്പലിൽ ഇറങ്ങാനായില്ല. കടലിൽ വട്ടമിട്ടു പറന്ന് ഇന്ധനം തീരാറായതോടെ, പൈലറ്റ് ശനി രാത്രിയോടെ തിരുവനന്തപുരത്ത് ഇറങ്ങാൻ അനുമതി തേടുകയായിരുന്നു. ചെന്നൈയിലെ ബ്രിട്ടീഷ് കോൺസുലേറ്റിന്റെ അഭ്യർഥനപ്രകാരം ഞായറാഴ്ച വിമാനത്തിൽ ഇന്ധനം നിറച്ചെങ്കിലും സാങ്കേതിക തകരാർ കാരണം പറന്നുയരാനായില്ല.

■ വിർച്വൽ അറസ്റ്റ്

ഒരുകോടിയുടെ തട്ടിപ്പ്: തുക ആദ്യമെത്തിയത് കർണാടകത്തിലെ ബാങ്കിൽ

കള്ളക്കേസിൽ

ലഖ്നൗ പൊലീസ് ഇൻസ്പെക്ടറെന്ന വ്യാജേന എറണാകുളം സ്വദേശിയുടെ 1.05 കോടി രൂപ തട്ടിയെടുത്ത കേസിൽ അന്വേഷണം ഊർജിതമാക്കി പൊലീസ്. ഡൈസ് ബാങ്കിന്റെ കർണാടക ശാഖയിലെ അക്കൗണ്ടിലേക്കാണ് തുക ആദ്യം പോയതെന്ന് കണ്ടെത്തി. ഇവിടെനിന്ന് പത്തോളം അക്കൗണ്ടുകളിലേക്ക് പണം പിന്നീട് കൈമാറി. ഇതിൽ കുരുതലും ഉത്തരേന്ത്യയിലുള്ള അക്കൗണ്ടുകളാണ്. ഈ അക്കൗണ്ടുകളെ കേന്ദ്രീകരിച്ച് കളമശേരി പൊലീസ് അന്വേഷണം തുടങ്ങി. വാട്സാപ് വീഡിയോ കോൾ മുഖേന ഇൻസ്പെക്ടർ രങ്കജിത് കുമാർ എന്ന് പരിചയപ്പെടുത്തി വിർച്വൽ അറസ്റ്റെന്ന പേരിലാണ് പണം തട്ടിയത്. ആസിഫ് എന്ന യാളിൽനിന്ന് 55 ലക്ഷം വാങ്ങി ഇന്ത്യൻ ആർമിയുടെ ഔദ്യോഗിക വിവരങ്ങൾ പാകിസ്ഥാന് ചോർത്തിക്കൊടുക്കാൻ സഹായിച്ചെന്ന് പറഞ്ഞ് ഭീഷണിപ്പെടുത്തിയായിരുന്നു തട്ടിപ്പ്.

കോവിഡ് ബാധിതർ കുറഞ്ഞു

തിരുവനന്തപുരം

സംസ്ഥാനത്തെ കോവിഡ് രോഗികളുടെ എണ്ണത്തിൽ വീണ്ടും കുറവ്. തിങ്കളാഴ്ച രോഗികളുടെ എണ്ണം 1920 ആയി കുറഞ്ഞു. 287 പേർ രോഗമുക്തി നേടി. ഏഴുമരണം സ്ഥിരീകരിച്ചു. വിവിധ രോഗത്തിന് ചികിത്സയിലായിരുന്നവരാണ് മരിച്ചത്. ജനുവരി മുതലുള്ള സംഘമാണ് ഞായറാഴ്ച മരണമടഞ്ഞത്. ആകെ 35 ആയി.

■ തൽസ്ഥിതി തുടരാം

താൽക്കാലിക വിസി നിയമനം: ഗവർണറുടെ ഹർജി വിധിപറയാൻ മാറ്റി

സ്വന്തം ലേഖിക

കൊച്ചി

കേരള സാങ്കേതിക (കെടിയു), ഡിജിറ്റൽ സർവകലാശാലകളിലെ താൽക്കാലിക വൈസ് ചാൻസലർ നിയമനം നിയമപരമല്ലെന്ന സിംഗിൾ ബെഞ്ച് വിധിക്കെതിരെ ചാൻസലറായ ഗവർണർ സമർപ്പിച്ച അപ്പീൽ വിധിപറയാൻ മാറ്റി. അതുവരെ താൽക്കാലിക വിസിമാർക്ക് തൽസ്ഥിതി തുടരാമെന്ന ഇടക്കാല ഉത്തരവും നീട്ടി. സമഗ്രമായ തീരുമാനങ്ങൾ എടുക്കുമ്പോൾ ഉപധി യോടെ തൽസ്ഥിതി തുടരാനാണ് ജസ്റ്റിസ് അനിൽ കെ നരേന്ദ്രൻ, ജസ്റ്റിസ് പി വി ബാലചന്ദ്രഷെന്നീ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

ഡോ. സിസ തോമസ് (ഡിജിറ്റൽ സർവകലാശാല), ഡോ. കെ ശിവപ്രസാദ് (സാങ്കേതിക സർവകലാശാല) എന്നിവരെ താൽക്കാലിക വിസിമാരായി നിയമിച്ച ചാൻസലറുടെ നടപടി നിയമപരമല്ലെന്നാണ് സിംഗിൾ ബെഞ്ച് വിധി ക്കെതിരെ ചാൻസലറായ ഗവർണർ സമർപ്പിച്ച അപ്പീൽ വിധിപറയാൻ മാറ്റി. അതുവരെ താൽക്കാലിക വിസിമാർക്ക് തൽസ്ഥിതി തുടരാമെന്ന് ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു. ഹർജി 27ന് പരിഗണിക്കും.

താൽക്കാലിക ഒഴിവ് നികത്തേണ്ട സാഹചര്യത്തിൽ സർക്കാർ നൽകുന്ന പട്ടികയിൽനിന്ന് ചാൻസലറെ നിയമിക്കണമെന്നാണ് സർവകലാശാലാനിയമത്തിൽ പറയുന്നതെന്ന് സിംഗിൾ ബെഞ്ച് വ്യക്തമാക്കിയിരുന്നു. എന്നാൽ, അന്ന് ചാൻസലറായിരുന്ന ആരിഫ് മൊഹമ്മദ് ഖാൻ ഈ പാലിക്കാതെയാണ് നിയമനം നടത്തിയത്.

■ വ്യാപാര ചർച്ച

യുഎസ് താൽപ്പര്യങ്ങൾക്ക് വഴങ്ങി ഇന്ത്യ

സ്വന്തം ലേഖകൻ

ന്യൂഡൽഹി

ഇന്ത്യ– യുഎസ് വ്യാപാര ചർച്ചയിൽ അമേരിക്കൻ പിടിവാശിക്ക് മോദി സർക്കാർ വഴങ്ങുന്നതായി സൂചന. യുഎസിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന കാർഷിക കോൾപ്പന്നങ്ങളുടെ തീരുവ കുറയ്ക്കണമെന്ന കാര്യത്തിലാണ് അമേരിക്ക കൂടുതൽ വാശി. അല്ലെങ്കിൽ ചർച്ചകളിൽ നിന്ന് പിൻവാങ്ങുമെന്നാണ് ഭീഷണി. ഉഭയകക്ഷി വ്യാപാര കരാറിന്റെ ഒന്നാംഘട്ടം ജൂലൈ ഒമ്പതിനുമുമ്പ് ഏതുവിധേനയും പൂർത്തിയാക്കാനാണ് മോദി സർക്കാരിന്റെ ശ്രമം. ഇന്ത്യൻ ഉൽപ്പന്നങ്ങൾക്ക് 5ംപ് പ്രകൃതാപിച്ച 26 ശതമാനം തീരുവ ജൂലൈ ഒമ്പതിനാണ് നിലവിൽ വരുന്നത്.

ഏപ്രിലിലാണ് കാർഷികോൽപ്പന്നങ്ങളുടെ കാര്യത്തിലടക്കമുള്ള ചർച്ചകൾ ആരംഭിച്ചത്. ഇന്ത്യയുടെ ഭൂരിഭാഗം കാർഷിക ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ വിയോജിപ്പ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. ഇന്ത്യയുടെ സസ്യാഹാര സർട്ടിഫിക്കറ്റ് മാനദണ്ഡങ്ങൾ യുഎസ് പാലിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. വിവിധയിനം പഴങ്ങൾ, നട്സുകൾ എന്നിവയുടെ തീരുവ കുറയ്ക്കാമെന്ന ഉറപ്പ് ഇന്ത്യ നൽകി.

■ ജി 7 ഉച്ചകോടി

മോദി കാനഡയിൽ

ഒട്ടാവ

പ്രധാനമന്ത്രി നരേന്ദ്ര മോദി ജി ഏഴ് ഉച്ചകോടി നടക്കുന്ന കാനഡയിൽ എത്തി. ഉച്ചകോടിയുടെ അനുബന്ധ പരിപാടികളിൽ പങ്കെടുക്കാനാണ് മോദി എത്തിയത്. ഇറാൻ–ഇസ്രയേൽ സംഘർഷം തുക്കമായ സാഹചര്യത്തിൽ പശ്ചിമേഷ്യയിലെ സംഭവ വികാസങ്ങൾ ഉച്ചകോടിയിൽ ചർച്ചയാവേക്കും. ഉച്ചകോടി ചൊവ്വാഴ്ച സമാപിക്കും.

മെഡിറ്റേറേനിയൻ ദ്വീപ് രാഷ്ട്രമായ സൈപ്രസ് സന്ദർശിച്ചശേഷമാണ് മോദി കാനഡയിലെത്തിയത്. രാജ്യത്ത് എത്തിയ മോദിക്ക് ഗ്രാൻഡ് ക്രോസ് ഓഫ് ദി ഓർഡർ ഓഫ് മകരിയോസ് III എന്ന പരമോന്നത സിവിലിയൻ പുരസ്കാരം നൽകി സൈപ്രസ് ആദരിച്ചു. സൈപ്രസിലെ വിവിധ കമ്പനി സിള്ളമൊരായി മോദി കൂടിക്കാഴ്ച നടത്തി.

ഉച്ചകോടിക്കുശേഷം മോദി കാനഡ പ്രധാനമന്ത്രി മാർക്ക് കാർണിയുമായി ചർച്ച നടത്തിയേക്കും. 18ന് ക്രൊയേഷ്യ സന്ദർശിച്ചശേഷമായിരിക്കും മടക്കം.

ആശ്വാസകിരണം: ലൈഫ് സർട്ടിഫിക്കറ്റ് നൽകണം

തിരുവനന്തപുരം

സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കുന്ന ആശ്വാസകിരണം പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് തുടർധനസഹായം ലഭിക്കാൻ ലൈഫ് സർട്ടിഫിക്കറ്റ് നൽകണം. www.socialsecuritymission.gov.in ൽ നൽകിയ നിശ്ചിത മാതൃകയിലുള്ള (ആധാർ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ഉൾപ്പെടുത്തിയ) ലൈഫ് സർട്ടിഫിക്കറ്റ് നേരിട്ടോ തപാൽ മാർഗമോ അയക്കണം. അവസാന തീയതി ജൂലൈ 15. വിലാസം : എക്കിക്കുട്ടിയ് ഡയറക്ടർ, കേരള സാമൂഹ്യ സുരക്ഷാ മിഷൻ, പൂജപ്പുര, തിരുവനന്തപുരം 12. രേഖകൾ സമർപ്പിക്കാത്തവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കില്ല. മാർച്ച് മാസം ശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർ വീണ്ടും സമർപ്പിക്കേണ്ട. ഫോൺ : 0471 2341200. ഭോൾഫ്രീ നമ്പർ : 18001201001.

കേരള സംസ്ഥാന സഹകരണ ബാങ്ക്

KERALA BANK
Kerala State Co-operative Bank

റീജിയണൽ ഓഫീസ്, സഹകരണ ശതാബ്ദി മന്ദിരം, കോവിലകത്തുംപാടം പി. ഒ, തിരുവമ്പാടി,
തൃശൂർ-680 022, ഫോൺ: 0487-2325700, ഇ– മെയിൽ: tsrro@keralabank.co.in

സ്ഥാവര വസ്തുക്കളുടെ ലേല വിൽപ്പന പരസ്യം (Under Rule 8(6) of the security interest (Enforcement) Rules -2002) SARFAESI ACT 2002

താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള വ്യക്തികൾ ബാങ്കിൽ വായ്പകളുടെ ഈടായി തന്നിട്ടുള്ളതും സെക്ഷൻ 13(4) സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ് 2002 പ്രകാരം ബാങ്കിന്റെ അധികാരപ്രകാരമുള്ള ഉദ്യോഗസ്ഥൻ എന്ന നിലയിൽ നിയോഗിക്കപ്പെട്ട താഴെ പട്ടികയിൽ വിവരിച്ചിട്ടുള്ള സ്ഥാവര വസ്തുക്കൾ. ബാങ്കിന് ലഭിക്കേണ്ട സംഖ്യയും പലിശയും 2002 ഖലെവുകളും വസൂലാക്കുന്നതിലേക്ക് 2002 ലെ സർഫാസി നിയമം റൂൾ 8(6) പ്രകാരം നിലവിലുള്ള സ്ഥിതിയിൽ അതാതത് **'എവിടെയുണ്ടോ', 'എങ്ങിനെയാണോ, 'എന്തെങ്കിലുണ്ടോ'** എന്ന നിലയിൽ **18-07-2025** തീയതിയിൽ രാവിലെ **11.00** മണിക്ക് എറണാകുളം സി.പി.സി. കാക്കനാട് ഓഫീസിൽ വച്ച് പൊതുലേല വിൽപന നടത്തുന്നതാണെന്ന വിവരം വായ്പക്കാരെയും ജാമ്യക്കാരെയും പ്രത്യേകിച്ചു പൊതുജനങ്ങളെ പൊതുവായും അറിയിക്കുന്നു.

ക്രമ നമ്പർ	വായ്പക്കാരുടെ/ജാമ്യക്കാരുടെ പേരും മേൽവിലാസവും	ലോണും വായ്പാ നമ്പരും	ഈടാക്കാനുള്ള തുക	കരുതൽ വില	നിരതദ്രവ്യം	ഈട് വസ്തുക്കളെ സംബന്ധിച്ച വിവരം
1.	**ശ്രീമതി. സുപ്രസിലേഖ മേനോട്**, ആലുങ്കൽ വീട്,മേലേമാരയസംഘം റോഡ്, നന്തുമ്പുകുന്നം, നോർത്ത് പറവൂർ, പിൻ 683513 ജാമ്യക്കാരായ 1.**ശ്രീ മോഹൻ ആലുങ്കൽ**, ആലുങ്കൽ വീട്,മേലേമാരയസംഘം റോഡ്, നന്തുമ്പുകുന്നം, നോർത്ത് പറവൂർ, പിൻ 683513 2.**ശ്രീ കൃഷ്ണൻ നായർ പി.**, കൈകേശ്വരം,ഞെക്കിനിമൂല, കർത്തേടം റോഡ്, എളങ്കുന്നപ്പുഴ പി.ഒ, പിൻ 682503	എറണാകുളം ഇഡയിൽ 12-06-2025 മുതലുള്ള പലിശയും മറ്റു ചെലവുകളും	1206.65 ലക്ഷം രൂപ മാത്രം 24,54,663.50 രൂപയും തുടർന്ന് 13-06-2025 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ 44,90,000/-	രൂപ 4,49,000/-	തൃക്കാക്കര SRO യിലെ 1253/2016 ആധാരപ്രകാരം ശ്രീമതി .സുപ്രസിലേഖ മേനോട്, പേരിൽ എറണാകുളം ജില്ല കണയന്നൂർ താലൂക്ക് കാക്കനാട് വില്ലേജ് സർവ്വേ നമ്പർ 309/3, റീ സർവ്വേ നമ്പർ 405/12 ൽ ഉൾപെട്ട 2.43 ആർ, വഹകളും ആയതിലെ സകലവിധ ആസ്തികളും. **നമ്പരിട്ടുകൾ: കിഴക്ക്** : ഉള്ള വക വസ്തു, **വടക്ക്** : വഴി, **പടിഞ്ഞാറ്** : ഓമന വക വസ്തു, **തെക്ക്** : ഓമന വക വസ്തു.അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാദ്ധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാദ്ധ്യതകൾ: 19-11-2023 തീയതി വരെയുള്ള കുടിശ്ശേട സർട്ടിഫിക്കറ്റിൽ മറ്റു ബാദ്ധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
2.	**ശ്രീമതി .സുപ്രസിലേഖ മേനോട്**, ആലുങ്കൽ വീട്,മേലേമാരയസംഘം റോഡ്, നന്തുമ്പുകുന്നം, നോർത്ത് പറവൂർ, പിൻ 683513 ജാമ്യക്കാരായ 1.**ശ്രീ മോഹൻ ആലുങ്കൽ**, ആലുങ്കൽ വീട്,മേലേമാരയസംഘം റോഡ്, നന്തുമ്പുകുന്നം, നോർത്ത് പറവൂർ, പിൻ 683513 2.**ശ്രീ .ഹരിഓമ്**, സൗപർണ്ണിക, തൃക്കാക്കര പി. ഒ, പിൻ 682030	എറണാകുളം ഇഡയിൽ 12-06-2025 മുതലുള്ള പലിശയും മറ്റു ചെലവുകളും	1206.65 ലക്ഷം രൂപ മാത്രം 24,56,798 രൂപയും തുടർന്ന് 13-06-2025 മുതലുള്ള പലിശയും മറ്റു ചെലവുകളും	രൂപ 44,90,000/-	രൂപ 4,49,000/-	തൃക്കാക്കര SRO യിലെ 1253/2016 ആധാരപ്രകാരം ശ്രീമതി .സുപ്രസിലേഖ മേനോട്, പേരിൽ എറണാകുളം ജില്ല കണയന്നൂർ താലൂക്ക് കാക്കനാട് വില്ലേജ് സർവ്വേ നമ്പർ 309/3, റീ സർവ്വേ നമ്പർ 405/12 ൽ ഉൾപെട്ട 2.43 ആർ, വഹകളും ആയതിലെ സകലവിധ ആസ്തികളും. **നമ്പരിട്ടുകൾ: കിഴക്ക്** : ഉള്ള വക വസ്തു, **വടക്ക്** : വഴി, **പടിഞ്ഞാറ്** : ഓമന വക വസ്തു, **തെക്ക്** : ഓമന വക വസ്തു.അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാദ്ധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാദ്ധ്യതകൾ: 19-11-2023 തീയതി വരെയുള്ള കുടിശ്ശേട സർട്ടിഫിക്കറ്റിൽ മറ്റു ബാദ്ധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
3.	**ശ്രീമതി. ഷേർലി സജനാക്ക്**, ഒടാത്തുപറമ്പിൽ വീട്, ആലങ്ങാട് പി ഒ , തിരുവാലൂർ, പിൻ 683511 ജാമ്യക്കാരായ 1.**ശ്രീ. ഫൈസുദ്ദീൻ എം കെ** , S/o കൊച്ചുമുഹമ്മദ്, തടത്തിൽ ഹൗസ്, കുന്നുപുറം, തൈക്കൊവിസു സമീപം, മുമ്പത്തേം പി ഒ 683110 2. **ശ്രീ. സജനാക്ക് ഒ വെ**, ഒടാത്തുപറമ്പിൽ വീട്, ചേർത്തനാട്, ആളങ്ങാട് പി ഒ, തിരുവാലൂർ, പിൻ 683511	ആലുവ പാലസ് റോഡ് 13986035600874 മുതലുള്ള പലിശയും മറ്റു ചെലവുകളും	12-06-2025 മുതലുള്ള പലിശയും മറ്റു ചെലവുകളും രൂപ 11,33,394 രൂപയും തുടർന്ന് 13-06-2025	രൂപ 20,00,000/-	രൂപ 2,00,000/-	ചെങ്ങനാട് SRO യിലെ 3758/14 ആധാരപ്രകാരം ശ്രീമതി സജനാക്ക് ഒ വെ പേരിൽ എറണാകുളം ജില്ല പറവൂർ താലൂക്ക് കരുമല്ലൂർ വില്ലേജ് സർവ്വേ നമ്പർ 358/4 -സർവ്വേ നമ്പർ 358/4- 49 ൽ ഉൾപെട്ട 4.05 ആർ വഹകളും ആയതിലെ സകലവിധ ആസ്തികളും. **നമ്പരിട്ടുകൾ: കിഴക്ക്** : കുമാരൻ വക വസ്തു, **വടക്ക്** : റോഡ്, **പടിഞ്ഞാറ്** : അനിൽകുമാർ വക വസ്തു, **തെക്ക്** : റോഡ്.അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാദ്ധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാദ്ധ്യതകൾ: 05-03-2025 തീയതി വരെയുള്ള കുടിശ്ശേട സർട്ടിഫിക്കറ്റിൽ മറ്റു ബാദ്ധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
4.	**ശ്രീ .സജനാക്ക് ഒ വെ**, S/o ജോസഫ്, ഒടാത്തുപറമ്പിൽ വീട്, ചേർത്തനാട്, ആളങ്ങാട് പി ഒ , പി ന് 683511 ജാമ്യക്കാരായ 1.**ശ്രീ ഫൈസുദ്ദീൻ എം കെ** , S/o കൊച്ചുമുഹമ്മദ്, തടത്തിൽ ഹൗസ്, കുന്നുപുറം,തൈക്കൊവിസു സമീപം, മുമ്പത്തേം പി ഒ 683110 2.**ശ്രീ വർഗീസ് കെ ഒ**, S/o ജോസഫ് എം എ, മാമ്പു റോഡ്,കേവിലമ്പലിൽ വീട്, മുണ്ടേലിൽ പി ഒ, പെരുമ്പടവ് 682006	ആലുവ പാലസ് റോഡ് 13986032200716 മുതലുള്ള പലിശയും മറ്റു ചെലവുകളും	12-06-2025 മുതലുള്ള പലിശയും മറ്റു ചെലവുകളും രൂപ 17,03,010.18 രൂപയും തുടർന്ന് 13-06-2025	രൂപ 20,00,000/-	രൂപ 2,00,000/-	ചെങ്ങനാട് SRO യിലെ 3758/14 ആധാരപ്രകാരം ശ്രീ സജനാക്ക് ഒ വെ പേരിൽ എറണാകുളം ജില്ല പറവൂർ താലൂക്ക് കരുമല്ലൂർ വില്ലേജ് സർവ്വേ നമ്പർ 358/4 -സർവ്വേ നമ്പർ 358/4- 49 ൽ ഉൾപെട്ട 4.05 ആർ വഹകളും ആയതിലെ സകലവിധ ആസ്തികളും. **നമ്പരിട്ടുകൾ: കിഴക്ക്** : കുമാരൻ വക വസ്തു, **വടക്ക്** : റോഡ്, **പടിഞ്ഞാറ്** : അനിൽകുമാർ വക വസ്തു, **തെക്ക്** : റോഡ്.അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാദ്ധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാദ്ധ്യതകൾ: 05-03-2025 തീയതി വരെയുള്ള കുടിശ്ശേട സർട്ടിഫിക്കറ്റിൽ മറ്റു ബാദ്ധ്യതകൾ കാണുവാൻ കഴിഞ്ഞിട്ടില്ലാത്തതാണ്.
5.	**ശ്രീ.നിസാർ വി കെ**, വട്ടക്കാവിൽ ഹൗസ്, പല്ലാരിമംഗലം പി ഒ, പിൻ 686671 ജാമ്യക്കാരായ 1.**ശ്രീ നസാർ വി എം**, വട്ടക്കാവിൽ ഹൗസ്, നേരമറ്റം , ഉടുമ്പന്നൂർ പി ഒ, പിൻ 686693 2. **ശ്രീമതി സുഹറ നിസാർ,** (W/o Nisar V K) വട്ടക്കാവിൽ ഹൗസ്, പല്ലാരിമംഗലം പി ഒ, പിൻ 686671	അടിവാട് 139564362000095 മുതലുള്ള പലിശയും മറ്റു ചെലവുകളും	31-05-2025 മുതലുള്ള പലിശയും മറ്റു ചെലവുകളും **1,82,857.77** രൂപയും തുടർന്ന് 01-06-2025	രൂപ 30,40,000/-	രൂപ 3,04,000/-	പോത്താനിക്കാട് SRO യിലെ 252/07 ആധാരപ്രകാരം ശ്രീ.നിസാർ വി കെ ,ശ്രീമതി. സുഹറ നിസാർ, എന്നിവർ പേരിലുള്ള എറണാകുളം ജില്ല മൊതലംതുരുത്തു താലൂക്ക് പോത്താനിക്കാട് വില്ലേജ് (ഇടമലയ് പ്ലാമ്പിംഗലം വില്ലേജ്) സർവ്വെ നമ്പർ 523/4 ൽ ഉൾപെട്ട 6.07 ആർ, വഹകളും ആയതിലെ സകലവിധ ആസ്തികളും. **നമ്പരിട്ടുകൾ: കിഴക്ക്** : മുകളങ്ങൽ ഹിസാമുത്തുള്ള വക വസ്തു, **പടിഞ്ഞാറ്** : മുകളങ്ങൽ ഹിസാമുത്തുള്ള വക വസ്തു, **തെക്ക്** : വഴി, തോട് .അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽ വസ്തുവഹകളെ സംബന്ധിച്ച ബാദ്ധ്യത സർട്ടിഫിക്കറ്റ്/കോടതി വിധികളിൽ ഉള്ള ബാദ്ധ്യതകൾ: 18-01-2025 തീയതി വരെയു